# കള്ള്–നീര വികസന ബോർഡ് രൂപീകരിക്കാൻ ശുപാർശ

- വിനോദസഞ്ചാരകേന്ദ്രങ്ങളിൽ റ്റോഡി പാർലർ
- ഷാപ്പ് ലേലം മൂന്നുവർഷത്തിലൊരിക്കലാക്കണം

സ്വന്തം ലേഖകൻ

തിരു: കള്ളു ചെത്തുവ്യവസായത്തിന്റെ ആധുനികവൽക്കരണത്തിനും നീരയുടെയും മറ്റു മൂല്യവർധിത സാധനങ്ങളുടെയും ഉൽപ്പാദനത്തിനായി കള്ള്- നീര വികസന ബോർഡ് രൂപീകരിക്കണമെന്ന് സർക്കാർ നിയോഗിച്ച സമിതി ശുപാർശ ചെയ്തു. നീര ഉൽപ്പാദനത്തിനായി ഇപ്പോഴുള്ള അബ്കാരി ചട്ടങ്ങളിൽ ഭേദഗതി വരുത്തണം. എക്സൈസ് കമീഷണർ അനിൽ സേവ്യർ അധ്യക്ഷനായ 10 അംഗ സമിതി എക്സൈസ് മന്ത്രി കെ ബാബുവിന് റിപ്പോർട്ട് സമർപ്പിച്ചു.

വർഷത്തിൽ ഒരിക്കലുള്ള കള്ളുഷാപ്പ് ലേലം മാറ്റണമെന്നും പകരം അത് മൂന്നു വർഷത്തിൽ ഒരിക്കലാക്കണമെന്നും സമിതി റിപ്പോർട്ടിൽ പറഞ്ഞു. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ റ്റോഡി പാർലറുകൾ തുടങ്ങണം. തെരഞ്ഞെടുക്കപ്പെട്ട കള്ളുഷാപ്പുകളെ റ്റോഡി പാർലറുകളായി ഉയർത്തണം.

അടുത്ത വർഷം ഏപ്രിലോടെ ആസിയൻ കരാർ പ്രാബല്യത്തിൽ വരുന്ന സാഹചര്യത്തിൽ ആസിയൻ രാജ്യങ്ങളിൽനിന്ന് നിയന്ത്രണം ഇല്ലാതെ നീര ഇറക്കുമതിചെയ്യാൻ സാധ്യതയുണ്ട്. ഇതുമൂലം സർക്കാരിന് ഉണ്ടാകുന്ന വരുമാന നഷ്ടം ഒഴിവാക്കുന്നതിന് സംസ്ഥാനത്ത് നീര ഉൽപ്പാദനം ആരംഭിക്കണമെന്ന് റിപ്പോർട്ട് നിർദേശിക്കുന്നു. നീര ഉൽപ്പാദനത്തിന് ഇപ്പോഴുള്ള കള്ളുചെത്ത് തൊഴിലാളികളെ ഉപയോഗിക്കണം. മറ്റിടങ്ങളിൽ പുതിയ തൊഴിലാളികളെ പരിശീലിപ്പിച്ച് രംഗത്തെത്തിക്കണം. നാളികേര ഉൽപ്പാദക സൊസൈറ്റികൾ, ഫെഡറേഷനുകൾ, ഉൽപ്പാദക കമ്പനികൾ, കള്ളുചെത്ത് വ്യവസായത്തിലെ തൊഴിലാളി കമ്മിറ്റികൾ തുടങ്ങിയവരെ നീരയുടെ ഉൽപ്പാദനത്തിനും വിപണനത്തിനും ചുമതലപ്പെടുത്തണം.

വൃത്തിയും വെടിപ്പുമുള്ള കെട്ടിടങ്ങളിൽ കള്ളുഷാപ്പുകൾ നടത്തുക, ചെത്തുതൊഴിലാളികൾക്ക് ആവശ്യമായ വേതനവും തൊഴിൽ സുരക്ഷിതത്വവും ഉറപ്പാക്കുക, കാർഷിക സർവകലാശാലകളുടെയും നാളികേര വികസന ബോർഡിന്റെയും സഹകരണത്തോടെ തെങ്ങ് ചെത്തുന്നതിന് ശാസ്ത്രീയമായ പരിശീലനം ഏർപ്പെടുത്തുക തുടങ്ങിയ നിർദേശങ്ങളും റിപ്പോർട്ടിലുണ്ട്.

കള്ളുവ്യവസായ രംഗത്തെ പ്രതിസന്ധിക്ക് പരിഹാരം നിർദേശിക്കാനും നീര ഉൽപ്പാദനം സംബന്ധിച്ച് പ്രായോഗികനിർദേശം സമർപ്പിക്കുന്നതിനുമായി സർക്കാർ നിയോഗിച്ച സമിതിയിൽ ചെത്തുതൊഴിലാളി സംഘടനാ പ്രതിനിധികളും കർഷകപ്രതിനിധികളും അക്കാദമിക് വിദഗ്ധരും ഉൾപ്പെടുന്നു. എന്നാൽ സമിതിയിലെ തൊഴിലാളി സംഘടനാ പ്രതിനിധികളെല്ലാം റിപ്പോർട്ടിൽ വിയോജന കുറിപ്പ് രേഖപ്പെടുത്തി.

നീര ഉൽപ്പാദനത്തിന് സർക്കാർ അനുകൂലമാണെന്ന് മന്ത്രി പറഞ്ഞു. റിപ്പോർട്ട് പരിശോധിച്ച് നടപടി സ്വീകരിക്കും. നീര ഉൽപ്പാദനത്തിന് ആവശ്യമെങ്കിൽ നിയമഭേദഗതി വരുത്തുമെന്നും മന്ത്രി പറഞ്ഞു.

**റിപ്പോർട്ട് തയ്യാറാക്കിയത് പ്രായോഗികപ്രശ്നങ്ങൾ പഠിക്കാതെ** ► 5